# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1570 21.01.2014 ലെ മറുപടിക്ക്**

**പ്രവാസികൾക്കായുള്ള ബിസിനസ്സ് സെന്റർ**

ചോദ്യം | മറുപടി

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പ്രവാസികളുടെ നിക്ഷേപ/വ്യവസായ സംരംഭങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ബിസിനസ്സ് സെന്റർ ആരംഭിക്കുമെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) ബിസിനസ്സ് സെന്റർ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. |
| (ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെന്ററിൽ നിന്നും പ്രവാസികൾക്ക് ലഭ്യമാക്കുന്നത്; ബിസിനസ്സ് സെന്റർ സ്ഥാപിക്കുന്നതിന് എന്തു തുകയാണ് വകയിരുത്തിയിരുന്നത്; അതിൽ എന്തു തുക നാളിതുവരെചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | ബി) വിവിധ മേഖലകളിൽ നിക്ഷേപങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സഹായിക്കുക, പരിശീലന പരിപാടികളും, സെമിനാറുകളും സംഘടിപ്പിക്കുക, പദ്ധതിയ്ക്ക് ആവശ്യമായ അനുമതി തേടുന്നതിന് സഹായം നൽകുക, പ്രവാസി മലയാളികളുടെ വിവിധ ആവശ്യങ്ങൾക്ക് അപേക്ഷകൾ/രേഖകൾ തയ്യാറാക്കുന്നതിന് സഹായം നൽകുക, മറ്റ് കൺസൾട്ടൻസി സേവനങ്ങൾ ഈ സെന്ററിലൂടെ ലഭ്യമാക്കുക തുടങ്ങിയവയാണ് ഈ സെന്ററിലുടെ ലഭ്യമാക്കുന്ന പ്രധാന സേവനങ്ങൾ. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഏജൻസികളായ |

| | |
|---|---|
| | കെ.എഫ്.സി, കെ.എസ്.ഐ.ഡി.സി. സിഡ്കോ , ഇൻകൽ, പൊതുമേഖല/ ഷെഡ്യൂൾഡ് ബാങ്കുകൾ, ക്ഷീര വികസനം, കൃഷി, വ്യവസായം തുടങ്ങിയ വകുപ്പുകളുടെ സഹായ ത്തോടെ സെന്റർ പ്രവർത്തിപ്പിക്കു ന്നതിനാണ് ഉദ്ദേശിക്കുന്നത്.<br>2013-14 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്ക് ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ ക്രമീകരണങ്ങൾ ക്കായി ഇതു വരെ 25 ലക്ഷം രൂപ വിനി യോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ